# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20-05-2014

# മലാപ്പറമ്പ് എ യു പി സ്കൂൾ അടച്ചുപൂട്ടാനുള്ള ഉത്തരവ് ഉടനെ പിൻവലിക്കണം
# - കെ എസ് ടി എ

കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എയ്ഡഡ് യു പി സ്കൂൾ അടച്ചുപൂട്ടാൻ അനുമതി നൽകിക്കൊണ്ട് കഴിഞ്ഞ നവംബറിൽ സർക്കാർ ഇറക്കിയ ഉത്തരവ് അടിയന്തിരമായി റദ്ദാക്കി സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

സ്കൂൾ പൊളിച്ച മാനേജരുടെ നടപടിക്കെതിരെ ബഹുജനങ്ങളുടെ വലിയ പ്രതിഷേധമുയർന്നതാണ്. സ്കൂൾ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹായത്തോടെ സ്കൂളിന്റെ പുനർനിർമാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്. സ്കൂൾ അടച്ചുപൂട്ടില്ലെന്ന് വിദ്യാഭ്യാസ മന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പും എ പ്രദീപ് എം എൽ എ യുടെ നേതൃത്വത്തിലുള്ള നിവേദക സംഘത്തിന് മുഖ്യമന്ത്രി നൽകിയ ഉറപ്പും പാലിക്കണം. ജൂൺ മാസം മുതൽ സ്കൂൾ സുഗമമായി പ്രവർത്തിക്കുവാനുള്ള എല്ലാ സാഹചര്യവും സൃഷ്ടിക്കണമെന്നും കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

**എ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി